# പതിമുന്നാം കേരള നിയമസഭ

## 11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 747      11/06/14-ൽ മറുപടിയ്ക്ക്

## സീനിയർ ഗ്രേഡ് ദന്തൽ ഹൈജീനിസ്റ്റുകളുടെ നിയമനം

| ചോദ്യം<br><br>ശ്രീ. ചിറ്റയം ഗോപകുമാർ | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിലെ സീനിയർ ഗ്രേഡ് ദന്തൽ ഹൈജീനിസ്റ്റുകളെ ജില്ല/ജനറൽ ആശുപത്രികളിൽ നിയമിക്കണമെന്ന് ഡി.എച്ച്.എസ്. നിർദ്ദേശം നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഉത്തരവുകളുടെ/ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (സി) | നിയമനങ്ങൾ സംബന്ധിച്ച് നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.

**ഭരണഭാഷ - മാതൃഭാഷ**

നം.ഇ.എം.സി4-4435/2014/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി. 15/02/2014

പ്രേഷിത
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്
ഗവൺമെന്റ് സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- ആവ- ജീവനക്കാര്യം-സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക ജില്ലാ/ ജനറൽ ആശുപത്രികളിൽ മാത്രം നിജപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:- 17/01/2014-ലെ കേരള ഗവൺമെന്റ് ഡെന്റൽ ഹൈജീനിസ്റ്റ് അസോസിയേഷന്റെ നിവേദനം.

സൂചന നിവേദനത്തിലേയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) താഴെ പറയുന്ന കാര്യങ്ങൾ ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. ഈ വകുപ്പിൽ നിലവിൽ ഡെന്റൽ ഹൈജീനിസ്റ്റ് സീനിയർ ഗ്രേഡ് തസ്തികയിൽപ്പെട്ടവർ വിവിധ തലത്തിലുള്ള ആശുപത്രികളിലാണ് ജോലിചെയ്ത് വരുന്നത്. ഈ വകുപ്പിൽ 15 സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയാണ് നിലവിലുള്ളത്. ടി തസ്തികയിൽ പെട്ടവരെ ജില്ലാ/ ജനറൽ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്തിയാൽ ഇവരുടെ സേവനം കൂടുതൽ ദന്ത രോഗികൾക്ക് ലഭ്യമാകും. ടി വിഭാഗത്തിൽപെട്ടവരെ താഴെ സൂചിപ്പിച്ചിരിക്കുന്ന വിധത്തിൽ നിജപ്പെടുത്താവുന്നതാണ്.

| ജില്ല | സീനിയർ ഡെന്റൽ ഹൈജീനിസ്റ്റിന്റെ എണ്ണം | ആശുപത്രിയുടെ പേര് |
|---|---|---|
| 1. തിരുവനന്തപുരം | 2 | 1) ജനറൽ ആശുപത്രി തിരുവനന്തപുരം<br>2) ജില്ലാ ആശുപത്രി നെടുമങ്ങാട്. തിരുവനന്തപുരം |
| 2. കൊല്ലം | 1 | ജില്ലാ ആശുപത്രി കൊല്ലം |
| 3. പത്തനംതിട്ട | 1 | ജനറൽ ആശുപത്രി കോഴഞ്ചേരി പത്തനംതിട്ട |
| 4. ഇടുക്കി | 1 | ജില്ലാ ആശുപത്രി ഇടുക്കി |

U016123

| | | |
|---|---|---|
| 5. ആലപ്പുഴ | 1 | ജനറൽ ആശുപത്രി ആലപ്പുഴ |
| 6. കോട്ടയം | 1 | ജില്ലാ ആശുപത്രി കോട്ടയം |
| 7. എറണാകുളം | 1 | ജനറൽ ആശുപത്രി എറണാകുളം |
| 8. തൃശ്ശൂർ | 1 | ജില്ലാആശുപത്രി തൃശ്ശൂർ |
| 9. പാലക്കാട് | 1 | ജില്ലാ ആശുപത്രി പാലക്കാട് |
| 10. മലപ്പുറം | 1 | ജനറൽ ആശുപത്രി മഞ്ചേരി, മലപ്പുറം |
| 11. കോഴിക്കോട് | 1 | ജനറൽ ആശുപത്രി കോഴിക്കോട് |
| 12. വയനാട് | 1 | ജില്ലാ ആശുപത്രി വയനാട് |
| 13. കണ്ണൂർ | 1 | ജില്ലാ ആശുപത്രി കണ്ണൂർ |
| 14. കാസർഗോഡ് | 1 | ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, കാസർഗോഡ് |
| ആകെ | 15 | |

ഇക്കാര്യത്തിൽ സർക്കാരിന്റെ ഉത്തരവ് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി